| Chief Engineer (IT, CR & CAPs) | |
|---|---|
| Inward No. | 1556 |
| Date | 06/01/2026 |
| CE (IT) | |
| DCE (IT) | |
| TA to CE (IT) | |
| DCE CAPs | |

8204231/2026 / CE IT

**KERALA STATE ELECTRICITY BOARD Ltd**

(Incorporated under the Companies Act, 1956)
Registered Office: Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004
CIN: U40100KL2011SGC027424 Web: www.kseb.in
Phone :0471 2514472, 2514527, 2514455.
Email :pokseb@gmail.com

---

**സംഗ്രഹം**

പുറങ്ങ് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ 22.06.2022 ന ജോലിക്കിടയിൽ മരണപ്പെട്ട കരാർ ജീവനക്കാരനായ പ്രജീഷിന്റെ ആശ്രിതർക്ക് കെ.എസ്.ഇ.ബി ലിമിറ്റഡ് അനുവദിച്ച നഷ്ടപരിഹാരതുകയായ 13,86,275/- രൂപ, അപകടം സംഭവിച്ചതിന ഉത്തരവാദിയാണെന്ന് വകുപ്പുതല അന്വേഷണത്തിൽ കൃത്യവിലോപം കണ്ടെത്തിയിട്ടുള്ള ടി സെക്ഷനിലെ മുൻ ഓവർസീയറായിരുന്നതും, 31.05.2024 ൽ റിട്ടയർ ചെയ്ത ആളുമായ ശ്രീ. ഷാജി. കെ (1056256) യിൽ നിന്ന് ഈടാക്കുന്നതിലേക്കുള്ള തുടർനടപടികൾ കൈക്കൊള്ളുവാൻ ചീഫ് എൻജിനീയർ (എച്ച് ആർ എം) ന നിർദേശം നൽകി ഉത്തരവാകുന്നു .

---

**കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)**

ബോർഡ് ഉത്തരവ് (എഫ്.ടി.ഡി.) No. 802 /2025 (PS-ST8/2022/ 15 2421/I/196776/2025) തിരുവനന്തപുരം — തീയതി:31-12-2025

---

പരാമർശം :

1. പൊന്നാനി അസിസ്റ്റന്റ് എഞ്ചിനീയറുടെ 23.06.2022 തീയതിയിലെ കത്ത് നമ്പർ ഡി.ബി/സുരക്ഷ/22-23/26 നമ്പർ റിപ്പോർട്ട്.
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ & സി.എസ്.ഓ.പി, പി.എം.യു തിരൂരിന്റെ 23.06.2022 തീയതിയിലെ പ്രാഥമിക അന്വേഷണ റിപ്പോർട്ട്.
3. പൊന്നാനി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 23.06.2022 ലെ ജി.ബി.1/ഡി.എ/പുറങ്ങ്/2022/466 നമ്പർ പ്രകാരമുള്ള സസ്പെൻഷൻ ഉത്തരവ്.
4. എടപ്പാൾ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 28.03.2023 തീയതിയിലെ ESD/EDL/2022-23/129 നമ്പർ പ്രകാരമുള്ള വകുപ്പുതല അന്വേഷണ റിപ്പോർട്ട്.
5. പൊന്നാനി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ജി.ബി 1/അച്ചടക്ക നടപടി/ശ്രീ. ഷാജി. കെ/പുറങ്ങ്/2023-24/260 തീയതി 29.05.2023 നമ്പർ പ്രകാരമുള്ള അന്തിമ ഉത്തരവ്.
6. ചീഫ് പേഴ്സണൽ ഓഫീസറുടെ 06.12.2022 തീയതിയിലെ PS-ST8/2022/2421 (1)/953 നമ്പർ പ്രകാരമുള്ള നടപടിക്രമം.
7. പൊന്നാനി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 09.04.2024 തീയതിയിലെ ജി.ബി.1/അച്ചടക്ക നടപടി/ശ്രീ. ഷാജി. കെ/2024/30 പ്രകാരമുള്ള നടപടിക്രമം.
8. പൊന്നാനി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 23.04.2024 തീയതിയിലെ 434/ജി.ബി.1/അച്ചടക്ക നടപടി/ശ്രീ. ഷാജി. കെ/2024/90 നമ്പർ പ്രകാരമുള്ള അന്തിമ ഉത്തരവിന്മേലുള്ള കൂട്ടിച്ചേർക്കൽ ഉത്തരവ്.
9. തിരൂർ ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ 16.05.2024 തീയതിയിലെ 300/ഇ.ബി.1/1056256/2024/289 നമ്പർ പ്രകാരമുള്ള ഉത്തരവ്.
10. പൊന്നാനി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 434/ജി.ബി.1/അച്ചടക്ക നടപടി/ശ്രീ. ഷാജി. കെ/1056256/2024/276 തീയതി 22.05.2024 നമ്പർ പ്രകാരമുള്ള ഉത്തരവ്.
11. 20.06.2024 തീയതിയിലെ പൊന്നാനി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 434/ജി.ബി 1/General/ഷാജി. കെ/2024/376 തീയതി 22.05.2024 നമ്പർ പ്രകാരമുള്ള കത്ത്.
12. 29.08.2024 തീയതിയിലെ PS-ST8/2022/2421 (1)/69236/2024 നമ്പർ പ്രകാരം ഡയറക്ടർക്കു (ഡിസ്ട്രിബ്യൂഷൻ) സമർപ്പിച്ച കുറിപ്പ്.
13. ഓഫീസ് ഉത്തരവ് നമ്പർ 1629/2023 (CSC/Review Electrical Accident/FB/2023-24) തീയതി 07.11.2023.

14. 05.05.2025 തീയതിയിലെ PS-ST8/2022/2421 (1)/I/692/2024/139821/2025 നമ്പർ പ്രകാരം ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർക്ക് സമർപ്പിച്ച കുറിപ്പ്.
15. 05.08.2025 തീയതിയിലെ KSEBL/LA/DEO/614/2025-LAS III നമ്പർ പ്രകാരമുള്ള ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസറുടെ കുറിപ്പ്.
16. 12.09.2025 തീയതിയിലെ PS-ST8/2022/2421 (1)/69236/2024/I/181794/2025 നമ്പർ പ്രകാരം ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കു സമർപ്പിച്ച കുറിപ്പ്.
17. 30.10.2025 തീയതിയിലെ PS-ST8/2022/24219(I)/(I)/196778/2025 നമ്പർ പ്രകാരം കെ എസ് ഇ ബി എൽ മുഴുവൻ സമയ ഡയറക്ടർമാർ മുമ്പാകെ സമർപ്പിച്ച കുറിപ്പ് (അജണ്ട നമ്പർ.01/10/11/25).
18. കെ എസ് ഇ ബി എൽ മുഴുവൻ സമയ ഡയറക്ടർമാരുടെ 05.11.2025 തീയതിയിലെ യോഗത്തിന്റെ മിനിട്സിലെ റെസൊല്യൂഷൻ നമ്പർ FTD 01/11/25/10.

**ഉത്തരവ്**

22.06.2022 ന വൈകിട്ട് ആറു മണിക്ക് പുറങ്ങ് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ ഉൾപ്പെടുന്ന മഠത്തിൽപ്പടി എന്ന സ്ഥലത്തെ പോസ്റ്റ് നമ്പർ KPM/8-ൽ ശ്രീ. പ്രജീഷ് എന്ന കരാർജീവനക്കാരൻ ജോലിചെയ്തു കൊണ്ടിരിക്കവേ വൈദ്യുതാഘാതമേറ്റ് മരണപ്പെടുകയുണ്ടായി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (പൊന്നാനി), എക്സിക്യൂട്ടീവ് എഞ്ചിനീയർ & ചീഫ് സേഫ്റ്റി ഓഫീസർ (പി.എം.യു - തിരൂർ) എന്നിവരുടെ റിപ്പോർട്ടിൽ പോസ്റ്റ് നമ്പർ KPM/8 ലെ സ്ട്രീറ്റ് ലൈറ്റിന്റെ മെയിൻ എർത്ത് ചെയ്തതായി കാണാൻ കഴിഞ്ഞില്ല എന്നും ഓട്ടോമാറ്റിക് റെഗുലേറ്റർ ഉള്ള സ്ട്രീറ്റ് ലൈറ്റിന്റെ ഫ്യൂസ് ക്യാരിയർ ഊരി വയ്ക്കാത്തതും, മെയിൻ എർത്ത് ചെയ്യാത്തതും കാരണമാണ് വൈകിട്ട് ആറു മണിക്ക് ലൈനിൽ വൈദ്യുതി പ്രവഹിക്കാൻ ഇടയായതും അതുമൂലമാണ് ശ്രീ. പ്രജീഷ് മരണപ്പെട്ടതെന്നും വ്യക്തമാകുന്നു.

കരാർ ജീവനക്കാരനായ പ്രജീഷ് മരണപ്പെട്ടതുമായി ബന്ധപ്പെട്ട വൈദ്യുതി അപകടം സംഭവിച്ചതിനു കാരണം ടി സെക്ഷനിലെ മുൻ ഓവർസിയറായ ശ്രീ. ഷാജി. കെ യുടെ ഭാഗത്തു നിന്നുണ്ടായ കൃത്യവിലോപമാണെന്നു സൂചന (4) പ്രകാരം കണ്ടെത്തുകയും ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത വ്യവസ്ഥയോടെ തടഞ്ഞു വയ്ക്കാനും ടിയാന്റെ സസ്പെൻഷൻ കാലയളവ് അർഹമായ അവധിയാക്കുകയും ചെയ്യാനുള്ള തീരുമാനം അന്തിമമാക്കിക്കൊണ്ടു അച്ചടക്ക നടപടി പൂർത്തിയാക്കി സൂചന (5) പ്രകാരം പൊന്നാനി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 29.05.2023 തീയതിയിൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സൂചന (6) പ്രകാരം പുറപ്പെടുവിക്കപ്പെട്ട 06.12.2022 തീയതിയിലെ നടപടിക്രമത്തിൽ പ്രജീഷിന്റെ ആശ്രിതർക്ക് 1923 തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം നഷ്ടപരിഹാരമായി 13,86,275/- രൂപ അനുവദിക്കുകയും അപകടത്തിന് ഉത്തരവാദിയായവരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി ലിമിറ്റഡ് ഉചിത തീരുമാനമെടുക്കുന്നതാണെന്നും സൂചിപ്പിച്ചിരുന്നു.

ടി അപകടവുമായി ബന്ധപ്പെട്ടു നടത്തിയ വകുപ്പുതല അന്വേഷണത്തിൽ ശ്രീ. ഷാജി.കെ മേൽ സൂചിപ്പിച്ച അപകടം ഉണ്ടായതിനു ഉത്തരവാദിയെന്ന് കണ്ടെത്തിയതിനാൽ ടിയാന് 09.04.2024 തീയതിയിൽ പുതുക്കിയ കുറ്റപത്രവും കുറ്റാരോപണ മെമ്മോയും നൽകുകയും ടിയാന്റെ മറുപടി തൃപ്തികരമല്ലാത്തിനാൽ നഷ്ടപരിഹാരതുകയും ആയത് ഒടുക്കുന്നതുവരെയുള്ള പലിശയും ഈടാക്കുന്നത് സംബന്ധിച്ച വിവരങ്ങൾ കൂട്ടിച്ചേർത്തുകൊണ്ടു സൂചന (7) പ്രകാരം പൊന്നാനി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 23.04.2024 തീയതിയിൽ അന്തിമ ഉത്തരവിന്മേലുള്ള കൂട്ടിച്ചേർക്കൽ ഉത്തരവ് പുറപ്പെടുവിക്കുകയും, ടി ഉത്തരവിനെതിരെ ശ്രീ. ഷാജി. കെ തിരൂർ ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്കു അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ചെയ്യുകയുണ്ടായി.

അപ്പീൽ പരിഗണിച്ച തിരൂർ ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, സൂചന (6) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 06.12.2022 തീയതിയിലെ നടപടിക്രമം പരിശോധിച്ചതിൽ പ്രജീഷ് എന്ന കരാർ ജീവനക്കാരനു ജീവൻ നഷ്ടമായ വിഷയത്തിൽ ടിയാന്റെ അവകാശികൾക്ക് കെ.എസ്.ഇ.ബി ലിമിറ്റഡ് അനുവദിച്ച തുക വകുപ്പുതല അന്വേഷണം നടത്തി കുറ്റക്കാരനായ ജീവനക്കാരനിൽ നിന്നും പലിശ സഹിതം കെ.എസ്.ഇ.ബി ലിമിറ്റഡ് തീരുമാനത്തിന് വിധേയമായി ഈടാക്കുന്നതാണെന്നു പരാമർശിച്ചിട്ടുള്ളതിനാൽ 23.04.2024 ലെ ഉത്തരവ് റദ്ദാക്കുവാൻ നിർദ്ദേശിക്കുകയും ആയതിൽ

പ്രകാരം പൊന്നാനി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അന്തിമ ഉത്തരവിന്മേലുള്ള കൂട്ടിച്ചേർക്കൽ ഉത്തരവ് റദ്ദ് ചെയ്ത 22.05.2024 ൽ പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

ശ്രീ. പ്രജീഷിന്റെ ആശ്രിതർക്ക് കെ.എസ്.ഇ.ബി.എൽ അനുവദിച്ച നഷ്ടപരിഹാരതുക, വകുപ്പുതല അന്വേഷണത്തിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തിയ ശ്രീ. ഷാജി. കെ - യിൽ നിന്നും ഈടാക്കുന്നതു സംബന്ധിച്ച തീരുമാനം എടുക്കുന്നതിനായി സൂചന (12) പ്രകാരം ഡയറക്ടർക്ക് (ഡിസ്ട്രിബ്യൂഷൻ) സമർപ്പിച്ച കുറിപ്പിന് മറുപടിയായി ടി ജോലി കരാറെടുത്ത കോൺട്രാക്ടറുടെ വ്യക്തിഗത ബാധ്യതയാക്കുവാൻ സാധ്യതയുണ്ടോ എന്നതു സംബന്ധിച്ച് ഉറപ്പു വരുത്തുന്നതിന് നിർദ്ദേശിച്ചിരുന്നു. ശ്രീ. പ്രജീഷിന്റെ ആശ്രിതർക്ക് കെ.എസ്.ഇ.ബി.എൽ അനുവദിച്ച നഷ്ടപരിഹാരതുക, വകുപ്പുതല അന്വേഷണത്തിൽ കുറ്റക്കാരനാണെന്ന് കണ്ടെത്തിയ ശ്രീ. ഷാജി. കെ-യിൽ നിന്നും ഈടാക്കുന്നതു സംബന്ധിച്ച നിയമോപദേശം ലഭ്യമാക്കുന്നതിനായി സൂചന (14) പ്രകാരം കുറിപ്പ് സമർപ്പിച്ചു. ലീഗൽ അഡ്വൈസർ & എൻക്വയറി ഓഫീസറുടെ നിയമോപദേശ പ്രകാരം (സൂചന (15)) അപകടത്തിന് ഇടയായ ജോലിയുടെ മേൽനോട്ട ചുമതലയുണ്ടായിരുന്ന ജീവനക്കാരന്റെ അശ്രദ്ധമൂലം ബോർഡിനുണ്ടാകുന്ന നഷ്ടം കെ.എസ്.ഇ.ബി എംപ്ലോയീസ് (സി.സി & എ) റെഗുലേഷൻസ് 1969 ലെ നിയമപ്രകാരം ബോർഡിന് നഷ്ടപ്പെട്ട തുക ഈടാക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും കുറ്റാരോപിതനായ ജീവനക്കാരൻ ബോർഡിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ കെ.എസ്.ആർ പാർട്ട് III ലെ 3 (എ) വകുപ്പ് പ്രകാരം ബോർഡിനുണ്ടായ നഷ്ടം വീണ്ടെടുക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണെന്നും നിയമോപദേശം ലഭ്യമാക്കിയിരുന്നു.

മേൽ വിഷയവുമായി ബന്ധപ്പെട്ട സൂചന (16) പ്രകാരം ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് സമർപ്പിച്ച കുറിപ്പിന്മേൽ ഉചിത തീരുമാനത്തിനായി കെ എസ് ഇ ബി എൽ മുഴുവൻ സമയ ഡയറക്ടർമാർ മുമ്പാകെ ഫയൽ സമർപ്പിക്കാൻ ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ നിർദേശിച്ചതനുസരിച്ച് സൂചന (17) പ്രകാരം കെ എസ് ഇ ബി എൽ മുഴുവൻ സമയ ഡയറക്ടർമാർ മുമ്പാകെ ഫയൽ സമർപ്പിക്കുകയുണ്ടായി. സൂചന (18) പ്രകാരം കെ എസ് ഇ ബി എൽ മുഴുവൻ സമയ ഡയറക്ടർമാരുടെ മീറ്റിംഗിലെ തീരുമാന പ്രകാരം പുറങ്ങ് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ 22.06.2022 ന് ജോലിക്കിടയിൽ മരണപ്പെട്ട കരാർ ജീവനക്കാരനായ പ്രജീഷിന്റെ ആശ്രിതർക്ക് കെ.എസ്.ഇ.ബി ലിമിറ്റഡ് അനുവദിച്ച നഷ്ടപരിഹാര തുകയായ 13,86,275 /- രൂപ, അപകടം സംഭവിച്ചതിനു ഉത്തരവാദിയാണെന്ന് വകുപ്പുതല അന്വേഷണത്തിൽ കൃത്യവിലോപം കണ്ടെത്തിയിട്ടുള്ള ടി സെക്ഷനിലെ മുൻ ഓവർസിയറായിരുന്നതും, 31.05.2024 ൽ റിട്ടയർ ചെയ്ത ആളുമായ ശ്രീ. ഷാജി. കെ (1056256) യിൽ നിന്നു ഈടാക്കുന്നതിലേക്കുള്ള തുടർനടപടികൾ കൈക്കൊള്ളുവാൻ ചീഫ് എൻജിനീയർ (എച്ച് ആർ എം )നു നിർദേശം നൽകി ഉത്തരവാകുന്നു .

മേൽ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുഴുവൻ സമയ ഡയറക്ടർമാരുടെ ആജ്ഞാനുസരണം

Signed by
Lekha G
Date: 31-12-2025 18:14:49
LEKHA G
COMPANY SECRETARY

ഗ്രാഹകൻ:

1. ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം), കെ.എസ്.ഇ.ബി.എൽ.

2.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, പൊന്നാനി.

പകർപ്പ്:

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ/ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/ കമ്പനി സെക്രട്ടറി /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും / ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (എച്ച്.ആർ.എം, സ്പോർട്സ്, വെൽഫയർ, സേഫ്റ്റി & ക്വാളിറ്റി അഷ്വറൻസ്)/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & എസ്.സി.എം)/ ടി. എ ടു ഡയറക്ടർ(ജനറേഷൻ - ഇലക്ട്രിക്കൽ, റീസ്, സൗര)/ ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ & എസ്.ഒ എൾ അഡീഷണൽ ചാർജ്ജ്)/എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും / ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) ടി. എ ടു ഡയറക്ടർ (ഫിനാൻസ്) / എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം

Rumuthr

സീനിയർ സൂപ്രണ്ട്